ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലേക്കുള്ള നിയമസഭാ തിരഞ്ഞെടുപ്പിലെ പരസ്യപ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

   **The Public campaigning for the legislative assembly elections in Keralam, Assam, and Puducherry will conclude this evening. Voting will take place day after tomorrow.**

2. കേരളത്തിൽ വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുൻപ് പാലിക്കേണ്ട കർശന നിയന്ത്രണങ്ങൾ പുറപ്പെടുവിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **Chief Electoral Officer Rathan U Kelkar has issued strict restrictions to be followed in Keralam during 48 hours prior to the end of voting.**

3. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന പ്രതിപക്ഷ നോട്ടീസ് രാജ്യസഭാ ചെയർമാനും ലോക്സഭാ സ്പീക്കറും തള്ളി.

**Rajya Sabha Chairman C P Radhakrishnan and Lok Sabha Speaker Om Birla have rejected the notice of motion brought by opposition Members to remove Chief Election Commissioner Gyanesh Kumar.**

4. 2020 ലെ തൂത്തുക്കുടി സാത്താൻകുളം കസ്റ്റഡി മരണക്കേസിൽ കുറ്റക്കാരായ ഒൻപത് പോലീസ് ഉദ്യോഗസ്ഥർക്ക് വധശിക്ഷ വിധിച്ച് മധുര സെഷൻസ് കോടതി.

**In the** 2020 **Thoothukudi Sathankulam custodial death case, first additional district and sessions Court in Madurai awarded death sentence to all the nine police personnels convicted.**

5. ആരോഗ്യത്തിനായി ഒരുമിച്ച് ശാസ്ത്രത്തോടൊപ്പം നിൽക്കുക എന്ന പ്രമേയവുമായി ഇന്ന് ലോകാരോഗ്യ ദിനം.

**World Health Day is being observed today with the theme "Stand together with science for health."**

6. ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പ്രീതി പവാർ ഫൈനലിൽ.

**In Asian Boxing Championships Preeti Pawar downed Paris Olympics bronze medalist Aeji Im to storm into the final.**

## **KERALA ELECTION (INTRO)**

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലേക്കുള്ള നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. അവസാന ദിന പരസ്യ പ്രചാരണത്തിനായി തിരക്കിട്ട പരിപാടികളാണ് രാഷ്ട്രീയ പാർട്ടികൾ ആസൂത്രണം ചെയ്യുന്നത്. വ്യാഴാഴ്ച നടക്കുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ 140 മണ്ഡലങ്ങളിൽ നിന്നായി 883 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. അടുത്ത മാസം നാലിനാണ് വോട്ടെണ്ണൽ. ഇന്ന് വൈകിട്ട് 6 മണിക്ക് നടക്കുന്ന കൊട്ടിക്കലാശം കൊഴുപ്പിക്കാനാണ് മുന്നണികളുടെ ശ്രമം.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

## **CEO**

നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് ഭയരഹിതമായി വോട്ട് രേഖപ്പെടുത്തുന്ന സാഹചര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വോട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് 48 മണിക്കൂർ മുമ്പ് പാലിക്കേണ്ട കർശനമായ നിയന്ത്രണങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ പുറപ്പെടുവിച്ചു. ഈ സമയം സ്ഥാനാർത്ഥികൾ പൊതുയോഗങ്ങൾ സംഘടിപ്പിക്കാനോ പങ്കെടുക്കാനോ പാടില്ല. ജാഥകൾ, ഘോഷയാത്രകൾ, സംഗീത പരിപാടികൾ, നാടകങ്ങൾ , വോട്ടർമാരെ ആകർഷിക്കുന്ന തരത്തിലുള്ള മറ്റ് വിനോദ പരിപാടികൾ എന്നിവയ്ക്കും നിരോധനമുണ്ട്. ടെലിവിഷൻ , റേഡിയോ വഴിയുള്ള പ്രചാരണങ്ങൾക്കും ഈ നിരോധനം ബാധകമാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യത ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും

സ്ഥാനാർത്ഥികളും പൊതുജനങ്ങളും ഈ നിർദ്ദേശങ്ങളോട് സഹകരിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അഭ്യർത്ഥിച്ചു.

## ELECTION – MOBILE PHONE

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ല. വോട്ടെടുപ്പിൻറെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിന്റേയും സുരക്ഷാ സംവിധാനങ്ങളുടേയും ഭാഗമായാണ് പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നത്. മൊബൈൽ ഫോൺ സൂക്ഷിക്കുന്നതിനായി ചില ജില്ലകളിൽ ഹരിത മൊബൈൽ പൗച്ചുകൾ അവതരിപ്പിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. പോളിങ് ബൂത്തിലേക്കു കയറും മുൻപ് മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് പൗച്ചിലാക്കി വാളണ്ടിയർമാരെ ഏൽപ്പിച്ചു ടോക്കൺ വാങ്ങണം. വോട്ടു ചെയ്തു കഴിഞ്ഞ് ടോക്കൺ നൽകി സമ്മതിദായകർക്ക് ഫോൺ തിരികെ കൈപ്പറ്റാനാവും.

## ASSEMBLY ELECTION –STATE POLICE

നിയമസഭാ തിരഞ്ഞെടുപ്പ് സുഗമവും സുതാര്യവുമായി നടത്തുന്നതിനുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും പൂർത്തിയാക്കിയതായി സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്ര ശേഖർ. സംസ്ഥാനം മുഴുവൻ പ്രത്യേക സുരക്ഷാമേഖലകളാക്കി തിരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 76,000 ത്തിലധികം പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയൊരുക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. 2,500 പ്രശ്ന ബാധിത ബൂത്തുകളാണ് ഉള്ളത്. ലോക്കൽ പോലീസിനു പുറമേ സ്പെഷ്യൽ യൂണിറ്റുകൾ, ബറ്റാലിയനുകൾ, മറ്റ് ഡിപ്പാർട്ട്മെന്റുകളിലെ

സേനാംഗങ്ങളെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിന് പുറമെ 140 കമ്പനി കേന്ദ്രസേനാ വിഭാഗങ്ങളും 20 കമ്പനി തമിഴ്നാട് പോലീസും തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേരളത്തിലുണ്ട്.

## KOLLAM ROUTE MARCH

നിയമസഭാതെരഞ്ഞെടുപ്പിന്റെ സുരക്ഷാക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് കൊല്ലം സിറ്റി പോലീസ് ഓച്ചിറയിൽ റൂട്ട് മാർച്ച് നടത്തി. ടോൾ ജംങ്ഷനിൽ നിന്നാരംഭിച്ച് പ്രീമിയർ ജംങ്ഷനിൽ അവസാനിച്ച റൂട്ട് മാർച്ചിൽ കൊല്ലം സിറ്റി പോലീസും കേന്ദ്ര സായുധസേനയും പങ്കെടുത്തു. സിറ്റി പോലീസ് കമ്മീഷണർ എം. ഹേമലത, അഡീഷണൽ എസ്.പി., എ.എസ്.പി മാർ , എ.സി.പിമാർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർ നേതൃത്വം നൽകി.

## PALAKKAD AWARENESS RALLY

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മലമ്പുഴ നിയോജക മണ്ഡലത്തിൽ ട്രാക്ടർ ബോധവൽക്കരണ റാലി നടന്നു. മുണ്ടൂർ ബസ് സ്റ്റാൻഡ് പരിസരത്ത് നിന്നും പൊരിയാനി വരെയാണ് ട്രാക്ടർ ബോധവൽക്കരണ റാലി സംഘടിപ്പിച്ചത്. 30 ഓളം ട്രാക്ടറുകൾ റാലിയിൽ അണിനിരന്നു.

## TN-NOMINATIONS

തമിഴ്നാട് നിയമസഭ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്നലെ പൂർത്തിയായി. 3,400 ലധികം

സ്ഥാനാർഥികളാണ് മത്സര രംഗത്തുള്ളത്. പശ്ചിമബംഗാളിലും ഒന്നാംഘട്ട തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. ഈ മാസം 9 വരെ പത്രിക പിൻവലിക്കാം. തമിഴ്നാട്ടിൽ ഈ മാസം 23 നാണ് വോട്ടെടുപ്പ്. പശ്ചിമബംഗാളിൽ 23 നും, 29 നും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ് നടക്കുക.

## PREZ-AP ACT

ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായി അമരാവതിയെ പ്രഖ്യാപിക്കുന്ന ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) 2026 ന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. കഴിഞ്ഞ ആഴ്ച നടന്ന ബജറ്റ് സമ്മേളനത്തിലാണ് ലോക്സഭയും രാജ്യസഭയും ഈ ഭേദഗതി ബിൽ പാസാക്കിയത്. പുതിയ നിയമം നിലവിൽ വന്നതോടെ ആന്ധ്രാപ്രദേശിന്റെ ഒരേയൊരു തലസ്ഥാനം എന്ന നിയമപരമായ പദവി അമരാവതിക്ക് ലഭിച്ചു. ഇതിനു പുറമെ ഇൻസോൾവെൻസി ആൻറ് ബാങ്ക് റപ്സി കോഡ് ഭേദഗതി ബില്ലിനും രാഷ്ട്രപതി അംഗീകാരം നൽകി.

## RS-LS REJECT MOTION

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ സമർപ്പിച്ച നോട്ടീസ് രാജ്യസഭാ ചെയർമാനും ലോക്സഭാ സ്പീക്കറും തള്ളി. ഇരുവരും പ്രമേയ നോട്ടീസ് സ്വീകരിക്കാൻ വിസമ്മതിച്ചതായി സെക്രട്ടറിയേറ്റ് അറിയിച്ചു. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെ

തൽസ്ഥാനത്ത് നിന്ന് മാറ്റുന്നതിന് പ്രമേയം അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം ലോക്സഭയിലും രാജ്യസഭയിലും നോട്ടീസ് സമർപ്പിച്ചിരുന്നു,

## GOVT-WEST ASIA BRIEF (INTRO)

ഇറാനിൽ നിന്ന് അർമേനിയ, അസർബൈജാൻ വഴി, 895 വിദ്യാർത്ഥികൾ ഉൾപ്പെടെ 1,777 ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി ഒഴിപ്പിച്ചതായി വിദേശകാര്യ മന്ത്രാലയം . ഇറാൻ, ഖത്തർ, യുഎഇ വിദേശകാര്യ മന്ത്രിമാരുമായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സംഭാഷണം നടത്തിയതായും അന്തർ മന്ത്രാലയ വാർത്താ സമ്മേളനത്തിൽ വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

(ഹോൾഡ് - വോയിസ്)

രാജ്യത്തെ എണ്ണ ശുദ്ധീകരണ ശാലകൾ പരമാവധി ശേഷിയിലാണ് പ്രവർത്തിക്കുന്നതെന്ന് വാർത്താസമ്മേളനത്തിൽ പങ്കെടുത്ത കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ അറിയിച്ചു.

## PM-CIVIL NUCLEAR FEAT

ആണവോർജ മേഖലയിൽ ഇന്ത്യക്ക് ചരിത്രനേട്ടം. തമിഴ്നാട്ടിലെ കൽപ്പക്കത്തുള്ള പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പ്രവർത്തനക്ഷമമായി. റിയാക്ടറിനുള്ളിൽ ആണവ ചെയിൻ റിയാക്ഷൻ സ്വയം നിയന്ത്രിതമായി തുടരുന്ന, പൂർണതോതിലുള്ള ഊർജ ഉൽപ്പാദനത്തിന് മുന്നോടിയായുള്ള ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണിത്. ആണവോർജ്ജ മേഖലയിലെ ഇന്ത്യയുടെ നിർണായക

ചുവടുവെപ്പാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ ഇന്ധനം ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഈ അത്യാധുനിക റിയാക്ടർ ഇന്ത്യയുടെ എഞ്ചിനീയറിംഗ് മികവാണ് തെളിയിക്കുന്നതെന്നും അദ്ദേഹം വിശേഷിപ്പിച്ചു. നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള റിയാക്ടർ പൂർണമായി പ്രവർത്തനസജ്ജമാകുന്നതോടെ റഷ്യയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന ലോകത്തെ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറും.

## CUSTODIAL DEATH-JUDGEMENT

തൂത്തുക്കുടി സാത്താൻകുളം കസ്റ്റഡി മരണക്കേസിൽ കുറ്റക്കാരായ ഒൻപത് പോലീസ് ഉദ്യോഗസ്ഥർക്ക് വധശിക്ഷ വിധിച്ച് മധുര ഒന്നാം അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി. 2020-ൽ പി. ജയരാജും മകൻ ബെനിക്സും പോലീസ് കസ്റ്റഡിയിൽ ക്രൂരമർദ്ദനമേറ്റ് മരിച്ച കേസിലാണ്

ജഡ്ജി ജി. മുത്തുകുമരൻ വിധി പ്രസ്താവിച്ചത്. 2020 ജൂൺ 19-നാണ് കോവിഡ് ലോക്ക്ഡൗൺ ലംഘിച്ച് കട തുറന്നുവെന്നാരോപിച്ച് മൊബൈൽ ഷോപ്പ് ഉടമയായ ജയരാജിനെയും മകൻ ബെനിക്സിനെയും പോലീസ് കസ്റ്റഡിയിലെടുത്തത്. അന്ന് രാത്രി സ്റ്റേഷനിൽ വെച്ച് ക്രൂരമർദ്ദനത്തിരയായ ഇരുവരും അടുത്ത ദിവസങ്ങളിൽ മരണപ്പെടുകയായിരുന്നു. മദ്രാസ് ഹൈക്കോടതി സ്വമേധയാ എടുത്ത കേസിലാണ് സിബിഐ അന്വേഷണം നടത്തിയത്.

## WORLD HEALTH DAY

ഇന്ന് ലോകാരോഗ്യദിനം.1948 ഏപ്രിൽ 7 ന് ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികത്തോട് അനുബന്ധിച്ചാണ് ഈ ദിനാചരണം. ശാസ്ത്രീയ തെളിവുകളിലുള്ള വിശ്വാസം, ആഗോള സഹകരണം, മനുഷ്യരുടെയും മൃഗങ്ങളുടെയും ഗ്രഹത്തിന്റെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഏകാരോഗ്യ സമീപനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഈ വർഷത്തെ ദിനാചരണത്തിൻറെ ലക്ഷ്യം. "ആരോഗ്യത്തിനായി ഒരുമിച്ചു, ശാസ്ത്രത്തോടൊപ്പം നിൽക്കുക" എന്നതാണ് ഈ വർഷത്തെ ലോകാരോഗ്യ ദിന പ്രമേയം.

❁❁❁❁❁❁❁❁❁❁❁❁

## ARTEMIS II RECORD (INTRO)

ബഹിരാകാശ പര്യവേഷണ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് നാസയുടെ ആർട്ടെമിസ് - 2 ചാന്ദ്ര ദൗത്യം. ആർട്ടെമിസിലെ യാത്രികർ ഭൂമിയിൽ നിന്ന് ഏറ്റവും കൂടുതൽ ദൂരം സഞ്ചരിച്ച മനുഷ്യർ എന്ന റെക്കോർഡ് സ്വന്തമാക്കി. അപ്പോളോ -13 ദൗത്യത്തിൻറെ 1970 ലെ റെക്കോർഡാണ് മൂന്ന് അമേരിക്കക്കാരും ഒരു കനേഡിയൻ പൗരനുമടങ്ങുന്ന സംഘം തിരുത്തിക്കുറിച്ചത്.

**വിശദാംശങ്ങളിലേക്ക്........**

(വോയ്സ്)

## ARTEMIS II RECORD (VOICE)

ഭൂമിയിൽ നിന്ന് ഏകദേശം 2 ലക്ഷത്തി 52,760 മൈൽ അകലെ വരെ സഞ്ചരിച്ചാണ് കമാൻഡർ റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോച്ച്, ജെറമി ഹാൻസൻ എന്നിവരടങ്ങുന്ന സംഘം ചരിത്രം കുറിച്ചത്. ചന്ദ്രന്റെ ഉപരിതലത്തിൽ നിന്ന് ഏകദേശം 4,000

മൈൽ ഉയരത്തിലൂടെയുള്ള ആറ് മണിക്കൂർ നീണ്ട 'ലൂണാർ ഫ്ലൈബൈ' ആയിരുന്നു ഈ ദൗത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം. ഈ യാത്രയ്ക്കിടെ, ഭൂമിയിൽ നിന്ന് ഒരിക്കലും കാണാൻ കഴിയാത്ത ചന്ദ്രന്റെ മറുപുറത്തിന്റെ അതിമനോഹരമായ കാഴ്ചകൾ നേരിട്ട് കാണാൻ യാത്രികർക്ക് സാധിച്ചു. അപ്പോളോ ദൗത്യങ്ങൾക്ക് അരനൂറ്റാണ്ടിന് ശേഷമുള്ള നാസയുടെ ആദ്യ മനുഷ്യ പേടക ദൗത്യമാണ് ആർട്ടെമിസ് - 2. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ രണ്ട് വർഷത്തിനുള്ളിൽ മനുഷ്യനെ ഇറക്കുന്നതിനുള്ള മുന്നോടിയായാണ് ഈ പരീക്ഷണം. പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഈ ദൗത്യം വെള്ളിയാഴ്ച പേടകം പസഫിക് സമുദ്രത്തിൽ ഇറങ്ങുന്നതോടെ അവസാനിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

☸☸☸☸☸☸☸☸☸☸☸☸

## ASIAN BOXING CHAMPIONSHIP

മംഗോളിയയിലെ ഉലാൻബാതറിൽ നടക്കുന്ന ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പ്രീതി പവാർ ഫൈനലിൽ കടന്നു. പാരീസ് ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവ് കൊറിയയുടെ ഏജി ഇമിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ താരത്തിന്റെ ഫൈനൽ പ്രവേശനം. അതേസമയം ഇന്ത്യൻ താരങ്ങളായ നിഖത് സരീനും ലോവ്‌ലിന ബോർഗോഹെയ്നും ടൂർണമെന്റിൽ നിന്ന് പുറത്തായി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸